**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/08/2026

1) കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026 –27 വർഷത്തിൽ " **കാർഷികകേരളം പുതുയുഗപ്പിറവിയിലേക്ക്**" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഹൈടെക് കൃഷിരീതികൾ, നൂതന സാങ്കേതികവിദ്യകൾ, പുതുസംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയ കാർഷികമേഖലയുടെ വിവിധ തലങ്ങൾ എന്നിവ ആസ്പദമാക്കിയുള്ള ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്. കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും വേണം. പ്രായഭേദമന്യേ

എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയ്ക്കാം. എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല. മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. തിരെഞ്ഞെടുക്കപ്പെടുന്നവർക്ക് ഒന്നാം സമ്മാനം 20,000/-, രണ്ടാം സമ്മാനം 10,000/-, മൂന്നാം സംമ്മാനം ₹5,000/-, പ്രോത്സാഹന സമ്മാനം ₹1,000/- വീതം 10 പേർക്ക്

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, farmphotography2026@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സപ്തംബർ 30 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

2) കേരള കാർഷിക സർവകലാശാലയുടെ എക്സ്റ്റൻഷൻ ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ ഇന്റഗ്രേറ്റഡ് 2030 മാനേജ്മെന്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. രണ്ട് സെമസ്റ്ററുകളിലായി ഹൈബ്രിഡ്

രീതിയിൽ നടത്തുന്ന കോഴ്സിന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. വിള പരിപാലനം, ഹോർട്ടിക്കൾച്ചർ, കീട–രോഗ നിയന്ത്രണം, വളപ്രയോഗം, സംയോജിത കൃഷി, കന്നുകാലി വളർത്തൽ, മത്സ്യകൃഷി, പഴം–പച്ചക്കറി സംസ്കരണം, ജൈവകൃഷി, അഗ്രോഫോറസ്ട്രി തുടങ്ങിയ മേഖലകളിൽ സമഗ്രമായ അറിവും പ്രായോഗിക പരിശീലനവും കോഴ്സിലൂടെ ലഭിക്കും. സർവകലാശാലയിലെ ശാസ്ത്രജ്ഞർ നയിക്കുന്ന തിയറി ക്ലാസുകൾ വിവിധ ഗവേഷണ സ്റ്റേഷനുകളിലും ഫാമുകളിലുമുള്ള പഠനസന്ദർശനങ്ങൾ, പ്രായോഗിക പരിശീലനങ്ങൾ എന്നിവയാണ് പ്രധാന സവിശേഷതകൾ. സ്വന്തം കാർഷിക സംരംഭങ്ങൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും സ്വകാര്യ ഫാമുകളിൽ ഫാം സൂപ്പർവൈസർ, ഫാം മാനേജർ തുടങ്ങിയ നിലകളിൽ തൊഴിൽ നേടുന്നതിനും സഹായിക്കുന്ന ഈ കോഴ്സ് പുരോഗമന കർഷകർക്കും, കാർഷിക സംരംഭകർക്കും, കാർഷിക മേഖലയിലെ പ്രൊഫഷണലുകളാകാൻ ആഗ്രഹിക്കുന്നവർക്ക് ഒരവസരമാണ്. കൂടുതൽ വിവരങ്ങൾക്ക് കേരള കാർഷിക സർവകലാശാലയുടെ കമ്മ്യൂണിക്കേഷൻ സെന്ററുമായി 8547070773, 04872370773 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

3) കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള വെള്ളാനിക്കര വെജിറ്റബിൾ സയൻസ് ഡിപ്പാർട്ട്മെന്റിൽ ചീര – (അരുൺ (Red) Co 1 (Green), വെണ്ട – (അർക്ക, അനാമിക), വഴുതന – (ഹരിത), വെള്ളരി – (സൗഭാഗ്യ) വാളരിപയർ, പീച്ചിങ്ങ (KRH 1), പാവൽ (പ്രഗതി) എന്നീ പച്ചക്കറി വിത്തുകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി, പടന്നക്കാട്, അമ്പലവയൽ എന്നീ കാർഷിക കോളേജുകളിൽ 2026–27 അധ്യയന വർഷം മുതൽ റിവോൾവിംഗ് ഫണ്ട് രീതിയിൽ അധിക ബാച്ചായി ആരംഭിക്കുന്ന 'ബി.എസ്.സി. (ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 14.09.2026. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക.

5) ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ **'സുരക്ഷിതമായ പാലുൽപ്പാദനം'** എന്ന വിഷയത്തിൽ **സെപ്റ്റംബർ 2, 3** തീയതികളിലായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം, ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർ, ബന്ധപ്പെട്ട ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ എന്നിവർ മുഖേന **2026 സെപ്റ്റംബർ 1 വൈകിട്ട് 5 മണിക്ക് മുമ്പായി** രജിസ്റ്റർ ചെയ്യണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ രേഖകൾ ഹാജരാക്കണം. **രജിസ്ട്രേഷൻ ഫീസ്** 20 രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലേതെങ്കിലും സമാന പരിശീലനത്തിൽ ഓഫ്‌ലൈനായി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടാകില്ല. കൂടുതൽ വിവരങ്ങൾക്ക് 8089391209, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.